പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 4725

23.07.2015-ൽ മറുപടിക്ക്

## മെട്രോപോളിറ്റൻ നഗരങ്ങളിൽ സംസ്ഥാന ഹൗസിംഗ് ബോർഡ് മുഖേന ഹൗസിംഗ് കോംപ്ലക്സുകൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. മോൻസ് ജോസഫ്<br>,, റ്റി.യു. കുരുവിള<br>,, സി.എഫ്.തോമസ്<br>,, തോമസ് ഉണ്ണിയാടൻ | ശ്രീ. കെ. എം. മാണി<br>(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാന ഹൗസിംഗ് ബോർഡ് മുഖേന കേരളത്തിലെ മെട്രോപോളിറ്റൻ നഗരങ്ങളിൽ കൂടുതൽ ഹൗസിംഗ് കോംപ്ലക്സുകൾ നിർമ്മിക്കുന്നതിന് നടപടികൾ ഉണ്ടാകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (എ) ഭവന നിർമ്മാണ ബോർഡ് സംസ്ഥാനത്തുള്ള 3 മെട്രോപോളിറ്റൻ നഗരങ്ങളിൽ പാർപ്പിട സമുച്ചയങ്ങൾ പാരസ്പര്യം മാതൃകയിൽ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഉപഭോക്താക്കളിൽ നിന്നും ഫ്ലാറ്റിന്റെ വിൽപ്പന വില നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിൽ മുൻകൂറായി ശേഖരിച്ചുകൊണ്ടാണ് പാരസ്പര്യം പദ്ധതികൾ നടപ്പിലാക്കുന്നത്.<br><br>തിരുവനന്തപുരത്ത് കവടിയാറിൽ 36 ഫ്ലാറ്റുകളുടെ നിർമ്മാണം പൂർത്തീകരിച്ച് ഉപഭോക്താക്കൾക്ക് കൈമാറിയിട്ടുണ്ട്. കൂടാതെ അമ്പലനഗറിൽ 64 ഫ്ലാറ്റുകളും എറണാകുളം പനമ്പിള്ളി നഗറിൽ 31 ഫ്ലാറ്റുകളുടെ നിർമ്മാണ പ്രവർത്തനങ്ങളും ഇരുമ്പനത്ത് ഫേസ്1 & 2 ആയി 75 ഫ്ലാറ്റുകളും തൃക്കാക്കരയിൽ 100 ഫ്ലാറ്റുകളും കുമാരനാശാൻ നഗറിൽ 28 ഫ്ലാറ്റുകളും കോഴിക്കോട് മെഡിക്കൽ കോളേജിന് സമീപം 36 ഫ്ലാറ്റുകളും നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| ബി) ഹൗസിംഗ് ബോർഡിനെ, കൂടുതൽ പാർപ്പിട നിർമ്മാണ പ്രവൃത്തികൾ ഏല്പിക്കുന്നതിന് നടപടികൾ ഉണ്ടാകുമോ;എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (ബി) ഹൗസിംഗ് ബോർഡിനെ കൂടുതൽ പാർപ്പിട നിർമ്മാണ പ്രവൃത്തികൾ ഏല്പിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസലുകൾ ലഭിക്കുമ്പോൾ പരിശോധിച്ച് തീരുമാനമെടുക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ